**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2949** **10-03-2025 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ഇറിഗേഷൻ ക്വാളിറ്റി കൺട്രോൾ സെക്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ഇറിഗേഷൻ ക്വാളിറ്റി കൺട്രോൾ സെക്ഷൻ നിലവിൽ കണ്ണൂർ ആണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സെക്ഷൻ കാസർഗോഡേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ഉണ്ട്. കാസർഗോഡ് ജില്ലയിൽ ലാബിനും ഓഫീസിനും ഉചിതമായ സ്ഥലവും കെട്ടിടവും ലഭ്യമാകുന്ന മുറയ്ക്ക് കാസർഗോഡിലേക്ക് ഓഫീസ് പ്രവർത്തനം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്. |
| (ബി) | കാസർഗോഡ് ജില്ലയിൽ ഐ.ഡി.ആർ.ബി-യുടെ കീഴിലുള്ള ഏതൊക്കെ സ്ഥാപനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | കാസർഗോഡ് ജില്ലയിൽ ഐ.ഡി.ആർ.ബിയുടെ കീഴിൽ ഹൈഡ്രോളജി സെക്ഷൻ, കാസർഗോഡ് ഓഫീസ് മാത്രമാണ് നിലവിലുള്ളത്. |
| (സി) | ഓഫീസ് പ്രവർത്തനം കണ്ണൂർ ജില്ലയിൽ ആയതിനാൽ ക്വാളിറ്റി കൺട്രോൾ സെക്ഷൻ കാസർഗോഡിന്റെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സം നേരിടുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ